**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1091** **11-02-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനു നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കോഴിക്കോട് കോർപ്പറേഷനിൽ അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി 2പ്രവൃത്തികളിലായി 65 പാക്കേജുകൾക്കായി 122.1 കോടി രൂപയുടെയും അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 3 പ്രവൃത്തികളിലായി 7 പാക്കേജുകൾക്കായി 119.67 കോടി രൂപയുടെയും അർബൻ അഗ്ലോമറേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 പ്രവൃത്തികൾക്കായി 5.97 കോടി രൂപയുടെയും ഭരണാനുമതിയും ലഭിച്ചിരുന്നു. ഇതിൽ 57 പ്രവൃത്തികൾ പൂർത്തീകരിച്ചു. 13 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഒരെണ്ണത്തിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഒരെണ്ണത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഒരെണ്ണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. രണ്ടു പ്രവൃത്തികൾ ഉപേക്ഷിച്ചു. ഒരു പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ പറഞ്ഞ പ്രവൃത്തികളിലായി 47043 FHTC കൊടുക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 25218 FHTC കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള 21825 FHTC കൊടുക്കുവാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) | കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് പരിഹരിക്കുന്നതിനു മൊബൈൽ റിപ്പയറിംഗ് യൂണിറ്റ് സംവിധാനം ഒരുക്കുന്നത് പരിഗണനയിലുണ്ടോ; | (ബി) | കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് സമയബന്ധിതമായി പരിഹരിക്കുവാൻ നിലവിൽ മൊബൈൽ റിപ്പയറിംഗ് യൂണിറ്റ് സംവിധാനത്തോടുകൂടിയുള്ള ബ്ലൂ ബ്രിഗേഡ് ടീം കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് മൂലം ഉണ്ടാകുന്ന പരാതികൾ അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (സി) | കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് സമയബന്ധിതമായി പരിഹരിക്കുവാൻ ബ്ലൂ ബ്രിഗേഡ് ടീം പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ